കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3 (1) പ്രകാരം തടസ്സപ്പെടുത്തിയ 14,700/- രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം. 3079/16/തസ്വഭവ. തിരുവനന്തപുരം, തീയതി:11/11/2016

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 02/03/2016-ലെ എം3-4354/2016 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 24/09/2016-ലെ കെ.എസ്.എ 6238/പിറ്റി2/2016 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2011-2012 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-1 പ്രകാരം പതിനൊന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ നിർദ്ദേശിച്ചതിൽ നിന്നും വ്യത്യസ്തമായും സർക്കാർ ഉത്തരവില്ലാതെയും സാനിറ്ററി യൂണിറ്റിന് അധിക സബ്സിഡി അനുവദിച്ചതിനാൽ 14,700/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ടി വിഷയത്തിൽ സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റിയുടെ 28/12/2015-ലെ V-ാം നമ്പർ തീരുമാനം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ 2-ാം നമ്പർ ശുപാർശ, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, എന്നിവ സഹിതം ഗ്രാമപഞ്ചായത്ത്, പഞ്ചായത്ത് ഡയറക്ടർ മുഖേന സർക്കാരിൽ പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക അധികം ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ചെല്ലാനം ഗ്രാമപഞ്ചായത്ത് തീരദേശ പഞ്ചായത്തായതിനാലും, ചതുപ്പ നിറഞ്ഞ ഉൾപ്രദേശങ്ങളിൽ കൂലി ചെലവ് വളരെ കൂടുതലാണ് എന്ന വസ്തുത കണക്കിലെടുത്തും, പഞ്ചായത്ത് കമ്മിറ്റിയുടെ 28/12/2015-ലെ V-ാം നമ്പർ തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ 20/07/2015-ലെ 2-ാം നമ്പർ ശുപാർശ, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിലും ഖണ്ഡിക 3-1 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന്

യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്ന് പരാമർശം 2 പ്രകാരം കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടി പദ്ധതി സദുദ്ദേശത്തോടെ നടപ്പിലാക്കിയ പദ്ധതിയായതിനാലും ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക വളരെ ചെറുതായതിനാലും എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2011-2012 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-1 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 14,700/- രൂപയുടെ (പതിനാലായിരത്തി എഴുനൂറ് രൂപ മാത്രം) ചെലവിന് സർക്കാർ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഷിബു.എ.ടി
അണ്ടർ സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ,എറണാകുളം
സെക്രട്ടറി, ചെല്ലാനം ഗ്രാമപഞ്ചായത്ത്, എറണാകുളം
വെബ് & ന്യൂ മീഡിയ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ